# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാട്യം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/40/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാട്യം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാട്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാട്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.8/40/2023 തീയ്യതി: 23/03/2023

# കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-06-2022 മുതൽ 04-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ. എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുമതി. ടി.ഒ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഗോകുൽ. ഡി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ഷിനിജ. എൻ.വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. കെ. സത്യൻ | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീമതി. ശ്രീജ എസ് പുത്തൻപുരയിൽ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 11-07-2021 |
| ശ്രീ. സുജിത്ത്കുമാർ. പി | സെക്രട്ടറി | 12-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ എസ് പുത്തൻപുരയിൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 19-02-2022 |
| ശ്രീ. പത്മകുമാർ. വി.എസ് , ഹെഡ് ക്ലർക്ക് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് | 20-02-2022 | 27-02-2022 |
| ശ്രീമതി. ഉഷ എൻ | അസിസ്റ്റന്റ് സെക്രട്ടറി | 28-02-2022 | 31-03-2022 |
| ശ്രീമതി. ഹർഷ. കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 05-03-2022 |
| ശ്രീ. ദിലീഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-03-2022 | 31-03-2022 |
| ശ്രീമതി. നികിത. ജെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. വിപിൻദാസ് | വി.ഇ.ഒ, പാട്യം സർക്കിൾ | 01-04-2021 | 02-01-2022 |
| ശ്രീമതി. റഫ്സീന | വി.ഇ.ഒ, പാട്യം സർക്കിൾ | 03-01-2022 | 31-03-2022 |
| ശ്രീമതി. ബിഷ. ടി.പി | വി.ഇ.ഒ, ചെറുവാഞ്ചേരി സർക്കിൾ | 01-04-2021 | 16-10-2021 |
| ശ്രീ. വിപിൻദാസ് | വി.ഇ.ഒ, ചെറുവാഞ്ചേരി സർക്കിൾ | 17-10-2021 | 21-02-2022 |
| ശ്രീമതി. റഫ്സീന | വി.ഇ.ഒ, ചെറുവാഞ്ചേരി സർക്കിൾ | 22-02-2022 | 31-03-2022 |
| ഡോ.റിയാസ്. കെ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ഹൃദ്യ. ടി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. അനിൽകുമാർ. | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| കെ.പി | | | |
| ശ്രീമതി. പ്രജിന. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. എൻ. മീര | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രവീണ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. റിജുൽ രാജ് | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഗ്രാമസഭ | 1-10 |
| 13 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ് | 1-11 |
| 14 | ഇ-ടെണ്ടർ ഫീസ് - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 15 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-13 |
| 16 | പൊതു ടാപ്പുകളുടെ വെള്ളക്കരം സംയുക്തപരിശോധന നടത്തിയിട്ടില്ല | 1-14 |
| 17 | സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയം തുക തിരികെ ലഭ്യമായില്ല | 1-15 |
| 18 | എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ - പ്രവർത്തനമാരംഭിച്ചില്ല | 1-16 |
| 19 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി കൈമാറിയ തുകയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല ₹270000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 20 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രവൃത്തി പൂർത്തിയായില്ല. | 1-18 |
| 21 | ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 1-19 |
| 22 | കുഴൽകിണറിന് ഡെപ്പോസിറ്റ് - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 23 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നുള്ള വാങ്ങലുകൾ - സ്റ്റോക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല | 1-21 |
| 24 | സ്വയം തൊഴിൽ സംരംഭം ആരംഭിക്കൽ - വനിതാ ഗ്രൂപ്പ് - അപാകങ്ങൾ ₹200000 തടസ്സപ്പെടുത്തുന്നു | 1-22 |

| | | |
|---|---|---|
| 25 | സ്വയം തൊഴിൽ സംരംഭത്തിന് ഓട്ടോ(വനിത) - രേഖകൾ ഹാജരാക്കിയിട്ടില്ല-₹140000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-23 |
| 26 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പട്ടികജാതി വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രമില്ല ₹130000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 27 | പാലിയേറ്റീവ് കെയർ ₹50561/-യുടെ മരുന്നുകൾ ലഭിച്ചില്ല | 1-25 |
| 28 | കോവിഡ് പ്രതിരോധ പ്രവർത്തനം മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ: ₹90128യുടെ മരുന്ന് ലഭ്യമായില്ല | 1-26 |
| 29 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ- ₹67473യുടെ മരുന്ന് ലഭ്യമായിട്ടില്ല | 1-27 |
| 30 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അർഹമായ ആനുകൂല്യം ലഭ്യമായിട്ടില്ല | 1-28 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അപാകങ്ങൾ | 1-29 |
| 32 | കാർഷിക പദ്ധതികൾ-ഉത്പാദനക്ഷമത ഉറപ്പുവരുത്തുന്ന മോണിട്ടറിങ് സംവിധാനമില്ല | 1-30 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-31 |
| 34 | അങ്കണവാടികളുടെ അവലോകനം | 1-32 |
| 35 | വനിതാ ശിശു വിഹാര സരോവനം - ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-33 |
| 36 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകൾ- പൊതു അപാകങ്ങൾ | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പാട്യം ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 23-02-2021 തീയതിയിലെ 2/67/2021 തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 16-03-2022 ലെ 3/43/2022നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 11588944 | 13466947 |
| വരവ് | 194042000 | 189629208 |
| ആകെ | 205630944 | 203096155 |
| ചെലവ് | 199033345 | 196688145 |
| നീക്കിയിരിപ്പ് | 6597599 | 6408010 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 31-05-2022 | തിരിച്ചയച്ചിട്ടില്ല | -- |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും എയിംസിൽ ഇ-സബ്മിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയും തമ്മിൽ വ്യത്യാസമുണ്ട്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല. ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയാണ് പരിശോധനയ്ക്ക് അടിസ്ഥാനമാക്കിയത്.

2. കെട്ടിട നികുതി(റസിഡൻഷ്യൽ) ഇനത്തിൽ മുൻവർഷം കുടിശ്ശിക ഇല്ല.എന്നാൽ 2021-22 വർഷം 2812 രൂപ കുടിശ്ശിക വരവ് വന്നതായി RP-45 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല

3. തൊഴിൽ നികുതി(ട്രേഡേഴ്സ്) ഇനത്തിൽ 2020-21 വർഷത്തെ ബി-15 ഷെഡ്യൂൾ പ്രകാരം 7140 രൂപ കുടിശ്ശികയുണ്ട്.എന്നാൽ 2021-22 വർഷത്തെ വാർഷിക കണക്കിൽ കുടിശ്ശികയിനത്തിൽ വരവില്ല. എന്നാൽ ഇത്രയും തുക കിട്ടാനുള്ളതായി 2021-22 വർഷത്തെ ബി-15 ൽ കാണിച്ചിട്ടില്ല.

4. എം.ജി.എൻ.ആർ.ഇ.ജി.എ ബാങ്ക് പാസ്സ് ബുക്ക്, B-17,RP-40(b) എന്നിവ പ്രകാരം നീക്കിയിരിപ്പ് 5598 രൂപയും B-4 പ്രകാരം 2762 രൂപയുമാണ്.

5. ലോൺ രജിസ്റ്ററിൽ ലോണിന്റെ വിവരം(ചെലവഴിച്ച തുക ,തിരിച്ചടവ് എന്നിവ)കൃത്യമായി രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

6. Sale Of Tender Form Register ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള 49366 രൂപയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

7. ഡിപ്രീസിയേഷൻ കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

8. ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ തുക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.പ്രസിഡണ്ട്,വൈസ് പ്രസിഡണ്ട് മറ്റ് ഭരണ സമിതി അംഗങ്ങൾ എന്നിവരുടെ ഹോണറേറിയം ബി-9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

9. 03/2022 ലെ പ്രൊജക്ട് അസിസ്റ്റന്റിന്റെ ശമ്പളം ,ഡ്രൈവറുടെ വേതനം എന്നിവ ബി-9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

10. ബി-4 ഷെഡ്യൂളിൽ 320100162(SSA) എന്ന ഹെഡിൽ 162000 രൂപ 2013 വർഷം മുതൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

11. ബി-4 ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ നീക്കിയിരിപ്പായി കാണിച്ച 266651 രൂപ ഏത് പ്രൊജക്ടിനായി പിരിച്ചെടുത്തതാണെന്നും വിനിയോഗിക്കാത്തതിന് കാരണവും വ്യക്തമാക്കിയിട്ടില്ല

12. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ആകെ വരവ് 34374029(34310000+64029 (പലിശ)) രൂപയും ചെലവ് 34310000 രൂപയുമാണ്. എന്നാൽ നീക്കിയിരിപ്പായി 64024 രൂപയാണ് കാണിച്ചിട്ടുള്ളത്. 5 രൂപയുടെ വ്യത്യാസം വ്യക്തമാക്കിയിട്ടില്ല.

13. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക

വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം58(4)എച്ച് എന്നിവ പ്രകാരം കിട്ടാനുള്ള തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

14. ആസ്തി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 410800101 (Other Fixed Assets) എന്ന ഹെഡിൽ 2020-21 ലെ തുക തന്നെയാണ് 2021-22 ലും രേഖപ്പെടുത്തിയിരിക്കുന്നത്.

15. വാഹനത്തിന്റെ മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

16. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62എഫ് പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

17. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(4) പ്രകാരം ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം പൂർണ്ണരൂപയിൽ എഴുതിയിട്ടില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 30808928 |
| വരവ് | 78916173 |
| ആകെ | 109725101 |
| ചെലവ് | 83538050 |
| നീക്കിയിരിപ്പ് | 26187051 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 740000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 18625000 | 18625000 | 18425000 | 200000 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 667534 | 667534 | 666000 | 1534 |
| വികസന ഫണ്ട് - ടി.എസ്.പി | 0 | 2371048 | 2371048 | 2203000 | 168048 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് | 0 | 5146000 | 5146000 | 2045780 | 3100220 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 0 | 34374029 | 34374029 | 34310000 | 64029 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | 17729393 | 17729393 | 7204000 | 10525393 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | 0 | 6886950 | 6886950 | 4086006 | 2800944 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണ ചെലവ് | 48143 | 992845 | 1040988 | 1038226 | 2762 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 39159051 | 39159051 | 39159051 | - |
| സാക്ഷരത | 122050 | 3329 | 125379 | 0 | 125379 |
| ഐ.സി.ഡി.എസ് | 485235 | 1229295 | 1714530 | 1070798 | 643732 |
| ശുചിത്വ മിഷൻ | 3114693 | 180000 | 3294693 | 1764916 | 1529777 |
| എസ്.എസ്.എ | 162000 | 0 | 162000 | 0 | 162000 |

| | | | | | |
|---|---|---|---|---|---|
| അങ്കണവാടി കുടിവെള്ള പദ്ധതി | 10000 | 0 | 10000 | 0 | 10000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1053338 | 105948 | 1159286 | 84000 | 1075286 |
| ലൈഫ് സംസ്ഥാന വിഹിതം | 160000 | 1167993 | 1327993 | 1020238 | 307755 |
| മറ്റ് ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള ഫണ്ട്(ബഡ്സ് ഗ്രാന്റ്) | 692020 | 0 | 692020 | 0 | 692020 |
| സാനിറ്റേഷൻ ഫണ്ട് കോട്ടയം ഗ്രാമ പഞ്ചായത്ത് | 4400 | 0 | 4400 | 0 | 4400 |
| എസ്.എ.ജി.വൈ | 490 | 0 | 490 | 0 | 490 |
| എസ്.എൻ.പി | 303925 | 0 | 303925 | 0 | 303925 |
| വിമുക്തി | 4839 | 0 | 4839 | 0 | 4839 |
| ഗൃഹചൈതന്യ | 10960 | 0 | 10960 | 0 | 10960 |
| കില | 0 | 4625 | 4625 | 0 | 4625 |
| ബഡ്സ് സ്മാർട്ട് ക്ലാസ് റൂം | 200000 | 1255600 | 1455600 | 613500 | 842100 |
| SC കിന്റർ ഗാർട്ടൻ കുടിവെള്ളപദ്ധതി | 200000 | 0 | 200000 | 199366 | 634 |
| നഗര സഞ്ചയ | 9000000 | 0 | 9000000 | 405827 | 8594173 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 91582025 | 135 | 53011127 | 19 | 33 | 69 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 3307629 | 2774160 | 83.87 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 2420000 | 1183000 | 48.88 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്. സി | 4 | 4 | 1808760 | 1697777 | 93.86 |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 2 | 2 | 900000 | 900000 | 100 |
| ഫിഷറീസ് സബ് | 4 | 4 | 2073500 | 465133 | 22.43 |

| | | | | | |
|---|---|---|---|---|---|
| ഇൻസ്പെക്ടർ | | | | | |
| വി.ഇ.ഒ | 24 | 19 | 19200830 | 10159498 | 52.91 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 5870625 | 5619782 | 95.73 |
| സെക്രട്ടറി | 29 | 22 | 18444894 | 8431303 | 45.71 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 67 | 47 | 31663012 | 17140226 | 54.13 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1725000 | 1300000 | 75.36 |
| ഹെഡ് മാസ്റ്റർ | 9 | 8 | 905347 | 834485 | 92.17 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 3262428 | 2505763 | 76.81 |
| ആകെ | 168 | 135 | 91582025 | 53011127 | 57.88 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 48143 | 992845 | 1040988 | 1038226 | 2762 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39159051 | 39159051 | 39159051 | 0 |
| ആകെ | 48143 | 40151896 | 40200039 | 40197277 | 2762 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

പാട്യം ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ ഒരു ഹ്രസ്വാവലോകനം താഴെ കൊടുക്കുന്നു.

1. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പാക്കിയ പ്രവൃത്തികളുടെയും വിശദാംശങ്ങൾ

| വർഷം | ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം) | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ) |
|---|---|---|---|
| 2021-2022 | 639 | 178,102 | 86 |

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം 2021-2022

| ക്രമ നമ്പർ | ഇനം | |
|---|---|---|
| 1 | തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 506 |
| 2 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4106 |
| 3 | തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 1705 |
| 4 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ | 665 |
| 5 | തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം | 66.7% |
| 6 | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 107258 |
| 7 | തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം | ഇല്ല |

2. എസ്. സി/ എസ്. ടി പങ്കാളിത്തം

| വർഷം | പഞ്ചായത്തിലെ ആകെ എസ്. സി / എസ്. ടി കുടുംബങ്ങൾ | | രജിസ്റ്റർ ചെയ്ത എസ്. സി/ എസ്. ടി കുടുംബങ്ങൾ | |
|---|---|---|---|---|
| | എസ്. സി | എസ്. ടി | എസ്. സി | എസ്. ടി |
| 2021-2022 | 108 | 489 | 20 | 433 |

3. 2021-2022 ൽ സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം. -45

4. സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം. -ഇല്ല

5. വാർഡുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

6. തൊഴിലുറപ്പ് പദ്ധതിയുമായി മാത്രം ബന്ധപ്പെട്ട പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല

7. ലേബർ ഗ്രാമസഭ കൂടിയത്, ലേബർ ബജറ്റ് തയ്യാറാക്കിയത് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

8. 2021-22 വർഷത്തെ ആകെ അടങ്കൽ.-₹569440620

9.2021-22 ൽ MGNREGS ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് ₹1409770തിരികെ ലഭിക്കാനുണ്ട്.
തൊഴിൽ ആവശ്യപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യമാക്കാനുതകുന്ന വിധത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4545800 | 297 |
| വിധവാപെൻഷൻ | 21910600 | 1438 |
| വാർദ്ധക്യകാലപെൻഷൻ | 36868600 | 26499 |
| വികലാംഗപെൻഷൻ | 6369400 | 403 |
| അവിവാഹിത പെൻഷൻ | 4580800 | 295 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2023 തീയതിയിൽ 12.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 37167 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഓഡിറ്റിന് ഫയലുകൾ ലഭ്യമാക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടായിട്ടുണ്ട്. ഫയലുകൾ സൂക്ഷിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലും 2021-22 വർഷം ഒരു തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നത്. 2022 ജനുവരി മാസത്തിലാണ് ഗ്രാമസഭാ യോഗം ചേർന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പദ്ധതി രൂപീകരണം, 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ,

അതിദരിദ്രരുടെ പട്ടിക അംഗീകരിക്കൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2022-23 ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് എന്നിവ അംഗീകരിക്കൽ എന്നിവയായിരുന്നു ഗ്രാമസഭകളിലെ പ്രധാന അജണ്ട.

## 1-11 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -സൂക്ഷ്മ പരിശോധന നടത്തേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ ചട്ടം 3,5 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതുമാണ്. എന്നാൽ 2018-19 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തനം ആരംഭിച്ച കെന്റ് ഹോമിയോ ക്ലിനിക്ക് (സ്ഥാപന മേധാവി : Dr.കെ.വി സുരേന്ദ്രൻ, ചിത്തിര, വെസ്റ്റ് പൊന്ന്യം (പോസ്റ്റ്) എന്ന പാരാ മെഡിക്കൽ സ്ഥാപനം 2020-21 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിച്ചതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (നം.13/10.01.2023) പ്രസ്തുത രജിസ്ട്രേഷൻ ഫീ പിഴ സഹിതം ഈടാക്കി (63/-രൂപ, രസീത് നം.1220105922/10.01.2023). ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്വകാര്യ ആശുപത്രികളും/ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ട പ്രകാരം രജിസ്ട്രേഷൻ നടത്തുകയും പുതുക്കുകയും ചെയ്തിട്ടുണ്ടോ എന്ന് സൂക്ഷ്മ പരിശോധന നടത്തേണ്ടതും വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

## 1-12 ഇ-ടെണ്ടർ ഫീസ് - തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട 2018-19 വർഷം മുതലുള്ള ഇ-ടെണ്ടർ ഫീസ് തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം 2021-2022 വരെ 228866 രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക |
|---|---|---|
| 1 | 2018-19 | 72477 |
| 2 | 2019-20 | 64572 |
| 3 | 2020-21 | 48729 |
| 4 | 2021-22 | 43088 |
| | ആകെ | 228866 |

നിലവിൽ ഇ-ടെണ്ടർ ഫീസ് സ്വീകരിക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുകയും ഇ-ടെണ്ടർ സൈറ്റുമായി മേപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും, ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭ്യമാകാൻ ബാക്കിയുള്ള തുക ഉടൻ കൈമാറുമെന്ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/11-01-2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കിയിട്ടുണ്ട്. ടെണ്ടർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് 05.11.2020 ലെ ജി.ഒ (പി) നം 152/2020/ധന പ്രകാരം സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021 ലെ TRY/1850/2021-E1 നമ്പർ കത്ത് പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശവും ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല. പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ തന്നെ പാട്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ജീവനക്കാരുടെയും ആർജ്ജിതാവധി പണമായി മാറ്റിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

എ)

| തുക<br>വൗച്ചർ നമ്പർ/തീയ്യതി | ജീവനക്കാരന്റെ പേര് | തസ്തിക | തുക ₹ |
|---|---|---|---|
| ₹77,700<br>22100162/07.06.21 | സത്യൻ കെ | സെക്രട്ടറി | 77700 |

ബി)

| തുക<br>വൗച്ചർ നമ്പർ/തീയ്യതി | ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | തുക ₹ |
|---|---|---|---|---|
| ₹2,97,976<br>22100150/04-06-2021 | 1 | പ്രമോദ് കക്കോത്ത് | സീനിയർ ക്ലർക്ക് | 49395 |
| | 2 | സജിന ആർ | സീനിയർ ക്ലർക്ക് | 42513 |
| | 3 | ജിഷ കെ.എം | സീനിയർ ക്ലർക്ക് | 42513 |
| | 4 | രഞ്ജിത്ത് ഐ | ക്ലർക്ക് | 31909 |
| | 5 | സന്ധ്യ എൻ | അക്കൗണ്ടന്റ് | 55722 |
| | 6 | ശ്രീജ എസ് പുത്തൻപുരയിൽ | അസിസ്റ്റന്റ് സെക്രട്ടറി | 75924 |

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവ് പ്രകാരം 01.06.2021 മുതൽ 6 മാസത്തേക്കുകൂടിയും പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെയും ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24,25/11.01.2023) 26-07-2021 ന് മാത്രമാണ് ആർജിതാവധി സംബന്ധിച്ച അടുത്ത ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചതെന്നും ഈ ഉത്തരവ് തീയ്യതിക്കു മുൻപ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട് എന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്. ഇക്കാര്യത്തിൽ സർക്കാറിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-14 പൊതു ടാപ്പുകളുടെ വെള്ളക്കരം സംയുക്തപരിശോധന നടത്തിയിട്ടില്ല

പാട്യം ഗ്രാമപഞ്ചായത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം ₹32159 ആണ് വാട്ടർ അതോറിറ്റിക്ക് അടവാക്കി വരുന്നത്. ഇപ്രകാരം 2021-22 സാമ്പത്തിക വർഷം ആകെ₹ 3,85,800 ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 70 ടാപ്പുകളുടെ വാട്ടർ ചാർജ്ജാണ് പഞ്ചായത്ത് അടച്ചുവരുന്നത്.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി 72 വാട്ടർടാപ്പുകൾ പ്രവർത്തന ക്ഷമമാണ് എന്ന് പ്രസ്താവിച്ചുള്ള വാട്ടർ അതോറിറ്റിയുടെ പേരിലുള്ള ഒരു റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്ററിൽ പരിശോധനക്ക് ലഭിച്ചെങ്കിലും ആയതിന്റെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല. റിപ്പോർട്ടിൽ പഞ്ചായത്തധികൃതരോ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരോ ഒപ്പു വെച്ചിട്ടില്ല. പരിശോധന നടത്തിയതിന്റെ തീയ്യതിയും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയതിന്റെ ആധികാരിക റിപ്പോർട്ട് 12-01-2023 നകം പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 8/10.01.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തനരഹിതമായ ടാപ്പുകൾക്ക് തുക അടവാക്കി പണം പാഴായിപ്പോകുന്നില്ലെന്ന് ഉറപ്പുവരുത്താൻ സംയുക്തപരിശോധന നടത്തി ഉപയോഗയോഗ്യമായ ടാപ്പുകളുടെ കൃത്യമായ എണ്ണം കണക്കാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയം തുക തിരികെ ലഭ്യമായില്ല

സാക്ഷരതാ പ്രേരക് മാരുടെ മാർച്ച് മാസത്തെ ഹോണറേറിയം നൽകുന്നതിനായി ₹11955 തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | സാക്ഷരതാ പ്രേരകിന്റെ പേര് | തുക | വൗച്ചർ നമ്പർ/തീയ്യതി |
|---|---|---|---|
| 1 | പ്രസന്ന | ₹7875 | 22100334/31-08-2021 |
| 2 | ബിന്ദു ടി.എൻ | ₹2304 | 22100244/23-07-2021 |
| 3 | ഷൈന എൻ | ₹1776 | 22100264/23-07-2021 |
| | ആകെ | ₹11955 | |

സ.ഉ (സാധാ) നമ്പർ 626/2021 തീയ്യതി 26.02.2021 പ്രകാരം സർക്കാർ ഫണ്ടും സാക്ഷരതാമിഷന്റെ തനത് ഫണ്ടും

ലഭ്യമാകുമ്പോൾ തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകാം എന്ന വ്യവസ്ഥയിലാണ് തനത് ഫണ്ടിൽ നിന്നും ഈ ചെലവ് നടത്തുന്നത്. ഇപ്രകാരം പ്രേരക് മാർക്ക് ഹോണറേറിയം നൽകാനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭ്യമായതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/10.01.2023) മറുപടിയായി തുക തിരികെ ലഭ്യമാക്കാൻ സാക്ഷരതാമിഷന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ - പ്രവർത്തനമാരംഭിച്ചില്ല

| | |
|---|---|
| /നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ / പേര് | 169/22 എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ | ₹573600ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹573000 വൗച്ചർ നമ്പർ / തീയതി : 22101010/24.03.22 |

എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ എന്ന മേൽ പ്രോജക്ടിനായി മുകളിൽ കൊടുത്ത പ്രകാരം ₹573000(GST₹11460+IT₹5730=₹17190കിഴിച്ച് ബാക്കി ₹555810) ചെലവഴിച്ചിട്ടുണ്ട്. കോലാർ മിൽ സ്റ്റോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് മെഷീൻ വാങ്ങിയിരിക്കുന്നത്. മെഷീൻ സ്ഥാപിച്ചതിന്റെയും പ്രവർത്തനമാരംഭിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39/13.01.2023ന് മറുപടിയായി ത്രീഫേസ് കണക്ഷൻ ആവശ്യമുള്ളതിനാൽ മെഷീൻ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ത്രീഫേസ് കണക്ഷൻ ലഭിക്കുന്നതിനായി 2022-2023 വർഷം പദ്ധതിയിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും പദ്ധതി നടപ്പിലാക്കുന്ന മുറക്ക് മെഷീൻ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അടിസ്ഥാന സൗകര്യം ഒരുക്കാതെ ഉപകരണങ്ങൾ വാങ്ങുന്നത് വഴി ഗ്യാരണ്ടി പിരീഡിൽ നഷ്ടം വരുന്നതാണ്. ആയതിനാൽ ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്.

## 1-17 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി കൈമാറിയ തുകയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല ₹270000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1. ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലേക്ക് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വൗച്ചർ നമ്പർ 22100048/17.04.2021 പ്രകാരം ₹180000 (10000x18) സെക്രട്ടറി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.ക്ക് കൈമാറിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും വിനിയോഗ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22100047/17.04.2021 പ്രകാരം ₹90000 (18x5000) ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സിക്ക് കൈമാറിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും വിനിയോഗ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/10.01.2023ന് മറുപടിയായി ₹180000 പഞ്ചായത്ത് കമ്മിറ്റിയുടെ 26.03.2021ലെ 1/88/2021(1) നമ്പർ തീരുമാന പ്രകാരം മെഡിക്കൽ ഓഫീസർ പി.എച്ച്.സിക്ക് കൈമാറിയതാണെന്നും ചെലവ് രേഖകൾ മെഡിക്കൽ ഓഫീസറാണ് സൂക്ഷിച്ചിട്ടുള്ളതെന്നുമാണ് സെക്രട്ടറി അറിയിച്ചത്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ചെലവ് രേഖകളുടെ സൂക്ഷിപ്പ് ചുമതല സെക്രട്ടറിക്കാണെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ₹90000യുടെ ചെലവ് സംബന്ധിച്ച് മറുപടിയിൽ പരാമർശിച്ചിട്ടില്ല.
ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹270000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രവൃത്തി പൂർത്തിയായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 13/22 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ |
| അടങ്കൽ | ₹ 900000 തനത് ഫണ്ട് |
| ചെലവ് | ₹ 101952 വൗച്ചർ നമ്പർ/തീയതി : 22100655/29.12.21<br>₹ 94294 വൗച്ചർ നമ്പർ/തീയതി : 22100654/29.12.21<br>₹ 543862 വൗച്ചർ നമ്പർ/തീയതി : 22100651/29.12.21<br>ആകെ ₹740108 |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പ്രോജക്ടിനായി ചെക്ക് നമ്പർ

6278144/29.12.2021പ്രകാരം തുക(₹740108) പിൻവലിച്ച് മുകളിൽ കൊടുത്ത പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| തുക ₹ | ചെലവ് വിവരം |
|---|---|
| 101952 | കൂത്തുപറമ്പ് കെ.എസ്.ഇ.ബിയിൽ ഡെപ്പൊസിറ്റ് ചെയ്തു |
| 94294 | കതിരൂർ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തു |
| 543862 | പാട്യം കെ.എസ്.ഇ.ബിയിൽ ഡെപ്പൊസിറ്റ് ചെയ്തു |

കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് ഡെപ്പോസിറ്റ് ചെയ്തത്. കെ.എസ്.ഇ.ബി എസ്റ്റിമേറ്റുകൾ പ്രകാരമുള്ള പണി പൂർത്തീകരിച്ചോ എന്ന വിവരം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/11.01.2023ന് പണി പൂർത്തിയാകുന്ന മുറക്ക് കെ.എസ്.ഇ.ബി യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. പണി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 2/22 ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | ₹ 75446 വികസന ഫണ്ട് |
| ചെലവ് | ₹ 75446 ബിൽ നമ്പർ/തീയതി : 21220452011000132687/17.06.2021 |

ഐ.കെ.എം വിഹിതം നൽകൽ എന്ന മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹75446 നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 കുഴൽകിണറിന് ഡെപ്പോസിറ്റ് - വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പാട്യം ഗ്രാമ പഞ്ചായത്തിലെ മഞ്ഞാംപുറം ലക്ഷം വീട് കുടിവെള്ള പദ്ധതിക്ക് കുഴൽകിണറിന് തുക ഡെപ്പോസിറ്റ് ചെയ്യൽ എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ 172/22, അടങ്കൽ ₹75000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ചെലവ് ₹74000)താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

| വൗച്ചർ നമ്പർ / തിയ്യതി | തുക ₹ | തുക കൈപ്പറ്റിയത് | അധിക വിവരങ്ങൾ |
|---|---|---|---|
| 22101011/24-03-2022 | 74000 | ഭൂജല വകുപ്പ് ജില്ലാ ഓഫീസർ | ഭൂജലവകുപ്പ്ജില്ലാഓഫീസറുടെ11.03.22ലെ ജി.ഡബ്ല്യൂ.കെ.എൻ.ആർ/1040/2021നമ്പർ കത്ത് പ്രകാരം ജലലഭ്യതാ സാധ്യത ഉറപ്പു വരുത്തിയതായി അറിയിച്ചിട്ടുണ്ട്. |

ഭൂജല വകുപ്പിന് കൈമാറിയ ₹74000യുടെ തുടർവിനിയോഗവിവരങ്ങളും തുടർ നടപടികളും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/10.01.2023ന് ഭൂജല വകുപ്പിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്. കുഴൽകിണർ കുഴിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തിയതിന്റെയും തുക വിനിയോഗിച്ചതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നുള്ള വാങ്ങലുകൾ - സ്റ്റോക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല

വൗച്ചർ നമ്പർ 22100292/12.08.2021 പ്രകാരം ₹85583 ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ വിവരവും അവ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/11.01.2023ന് മറുപടിയായി സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്ക് നൽകിയെങ്കിലും സ്റ്റോക്ക് പരിശോധനയിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്ന് കണ്ടെത്തി. വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം,ബാലൻസ് ,സാധനങ്ങൾ കൈപ്പറ്റിയ ആളിന്റെ വിവരം, ഒപ്പ് എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ഏത് ബിൽ പ്രകാരം ലഭിച്ചതാണെന്ന വിവരം രേഖപ്പെടുത്തുന്നില്ല. ഗ്രാമലക്ഷ്മി മുദ്രാലയം സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ

ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-22 സ്വയം തൊഴിൽ സംരംഭം ആരംഭിക്കൽ - വനിതാ ഗ്രൂപ്പ് - അപാകങ്ങൾ ₹200000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ ചെറുവാഞ്ചേരി |
| പ്രോജക്റ്റ് നമ്പർ/ പേര് | 56/22 സ്വയം തൊഴിൽ സംരംഭം ആരംഭിക്കൽ(വനിത ഗ്രൂപ്പ്) |
| അടങ്കൽ | ₹400000 വികസന ഫണ്ട് – ജനറൽ<br>₹200000 മറ്റുള്ളവ |
| ചെലവ് | ₹200000<br>ബിൽ നമ്പർ : 21220452007601196299/24-02-2022 |

സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടുള്ള 5 അംഗങ്ങൾ ഉള്ള വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയുള്ളതാണ് മേൽ പ്രൊജക്റ്റ്. പ്രസ്തുത പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി പാട്യം സർവ്വീസ് സഹകരണ ബേങ്കിന്റെ 175801000656 എന്ന അക്കൗണ്ട് നമ്പറിലേക്കാണ് സബ്സിഡി തുക നൽകിയത്. പ്രസ്തുത സംരംഭം നടത്തിപ്പിനായി 3 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1.ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ 14/103 നമ്പർ കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനുള്ള എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് (നമ്പർ 503/2020-2021/എ5/1543/1-02-2021) ആണ് ഉള്ളത്. എന്നാൽ 12-01-2023 ന് നടത്തിയ സ്ഥല പരിശോധനയിൽ വാർഡ് 16 ൽ 7 -ാം നമ്പർ കെട്ടിടത്തിൽ സംരംഭം പ്രവർത്തിക്കുന്നതായാണ് കാണാൻ സാധിച്ചത്. യഥാർത്ഥത്തിൽ സംരംഭം ഏത് കെട്ടിടത്തിലാണ് ആരംഭിക്കാൻ അനുമതി നൽകിയതെന്ന് വ്യക്തമാക്കേണ്ടതും പ്രസ്തുത കെട്ടിടത്തിന്റെ ലൈസൻസ് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

2. ഓഡിറ്റിന് ഹാജരാക്കിയ ലോൺ പാസ്സ് ബുക്കിൽ 05-07-2022 ന് ശേഷം തുക അടവാക്കിയിട്ടില്ല.

3. ചെറുകിട വ്യവസായം മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

4. സംരംഭകരുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യവസ്ഥകൾ രേഖപ്പെടുത്തി കരാറിലേർപ്പെട്ടതിന്റെയും സംരംഭത്തിന്റെ തുടർ നടത്തിപ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ വിലയിരുത്തിയതിന്റെയും രേഖകൾ ലഭ്യമല്ല

മുകളിൽ കൊടുത്ത അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.37/13-01-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സംരംഭം പാതിവഴിയിൽ ഉപേക്ഷിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതും സംരംഭത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും സംരംഭത്തിന്റെ തുടർ നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്.

## 1-23 സ്വയം തൊഴിൽ സംരംഭത്തിന് ഓട്ടോ(വനിത) - രേഖകൾ ഹാജരാക്കിയിട്ടില്ല- ₹140000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ ചെറുവാഞ്ചേരി |
| പ്രോജക്റ്റ് നമ്പർ/ പേര് | 17/22 സ്വയം തൊഴിൽ സംരംഭത്തിന് ഓട്ടോ(വനിത) |
| അടങ്കൽ<br><br>ആകെ | ₹210000 വികസന ഫണ്ട് – ജനറൽ<br>₹540000 മറ്റുള്ളവ<br>₹750000 |
| ചെലവ് | ₹140000<br>ബിൽ നമ്പർ : 21220452007601321512/14-03-2022 |

സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വേണ്ടിയുള്ള വായ്പാ ബന്ധിത പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനായി തലശ്ശേരി യൂണിയൻ ബേങ്കിലെ 209821980050000 എന്ന അക്കൗണ്ട് നമ്പറിലേക്കാണ് സബ്സിഡി തുക നൽകിയത്. പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. ശ്രീജ.എം, ഓമന.പി എന്നീ രണ്ട് ഗുണഭോക്താക്കൾക്കാണ് ബാക്ക് എൻഡ് സബ്സിഡിയായി തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ ഓമന. പി എന്നവർ ഓട്ടോറിക്ഷ വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ല.

2. ഓട്ടോറിക്ഷ ഉപയോഗിച്ച് മേൽ പറഞ്ഞ ഗുണഭോക്താക്കൾ ഏത് തരം സ്വയം തൊഴിലിലാണ് ഏർപ്പെട്ടിട്ടുള്ളതെന്നോ, അതുവഴി വരുമാനം ഉണ്ടാക്കുന്നുണ്ടോയെന്നും വ്യക്തമല്ല.

3.ബേങ്ക് ലോൺ തിരിച്ചടവിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല
4. ചെറുകിട വ്യവസായം മോണിറ്ററിംഗ് സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
5. അഞ്ച് വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ സബ്സിഡി തുക പലിശ സഹിതം തിരിച്ചടക്കണമെന്ന് സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ തീയതി 14-02-2018 നമ്പർ ഉത്തരവിലെ ഖ.4.7 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഗുണഭോക്താക്കളുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യവസ്ഥകൾ രേഖപ്പെടുത്തി കരാറിലേർപ്പെട്ടിട്ടില്ല.
മുകളിൽ കൊടുത്ത അപാകങ്ങൾക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.22/11-01-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹140000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പട്ടികജാതി വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രമില്ല ₹130000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രൊജക്ട് നമ്പർ /പേര് | 33/22 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹130000 വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | ₹100000 ബിൽ നമ്പർ / തീയതി : 21220452007300387071/08.09.2021<br>₹30000 ബിൽ നമ്പർ / തീയതി : 21220452007301230072/16.09.2021<br>ആകെ : ₹130000 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന മേൽ പ്രോജക്ട് പ്രകാരം താഴെ പറയും വിധം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

| വിദ്യാർത്ഥിയുടെ പേര് | തുക |
|---|---|
| ആതിര ഇ.കെ | 30000 |
| വിഷ്ണു പ്രേംകുമാർ | 25000 |
| തേജൽ കെ | 25000 |
| സനിക കെ.കെ | 20000 |
| ഫെമിന ടി.ആർ | 15000 |
| ദനിഷ എം.സി | 15000 |

മുകളിൽ കൊടുത്ത വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് പട്ടികജാതി വികസന വകുപ്പിൽ നിന്നുമുള്ള സാക്ഷ്യപത്രമില്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ആയത് ലഭ്യമാക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/11.01.2023ന് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.തുക വിതരണത്തിൽ ഇരട്ടിപ്പ് നടന്നിട്ടില്ലെന്നുറപ്പുവരുത്തുന്നതിനായി പട്ടികജാതി വകുപ്പിൽ നിന്നും സാക്ഷ്യപത്രം ലഭിച്ച് ഓഡിറ്റിൽ അറിയിക്കുന്നത് വരെ ₹130000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പാലിയേറ്റീവ് കെയർ ₹50561/-യുടെ മരുന്നുകൾ ലഭിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി,പാട്യം |
| പ്രൊജക്ട് നം. | 26/22 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | ₹650000 (വികസന ഫണ്ട് )<br>₹104380 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>₹104380 (ജില്ലാപഞ്ചായത്ത് വിഹിതം )<br>ആകെ ₹858760. |
| ചെലവ് | ₹649885 (വികസന ഫണ്ട് )<br>₹98700 (ബ്ലോക്ക്പഞ്ചായത്ത് വിഹിതം )<br>ആകെ ₹748585 |

1.പാലിയേറ്റീവ് കെയർ എന്ന മേൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങിക്കുന്നതിന് മുകളിൽ പരാമർശിച്ച ചെലവ് തുകയിൽ ഉൾപ്പെട്ട 17.12.2021-ലെ ബിൽ നം.21220452007700802906 പ്രകാരം ₹300075 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട് . ഇതിൽ 249514 രൂപയുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടുണ്ട് .വിശദവിവരം ചുവടെ

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ&തീയ്യതി | തുക₹ |
|---|---|---|
| 1 | 3341/1.06.22 | 12833 |
| 2 | 3346/1.06.22 | 42279 |
| 3 | 3351/1.06.22 | 23475 |
| 4 | 3357/1.06.22 | 26360 |
| 5 | 3358/1.06.22 | 8805 |
| 6 | 10790/13.09.22 | 51872 |
| 7 | 14805/25.10.22 | 1238 |
| 8 | 15204/28.10.22 | 3837 |
| 9 | 18554/24.11.22 | 39614 |
| 10 | 18551/24.11.22 | 19394 |
| 11 | 19030/28.11.22 | 7595 |
| 12 | 20266/16.02.22 | 7997 |
| 13 | 19670/09.12.22 | 4215 |
| | ആകെ | 249514 |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയ ₹300075ൽ ₹50561 ന്റെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. 17.12.2021ന് തന്നെ ₹300075മുൻകൂറായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടും മരുന്നുകൾ ലഭ്യമായിത്തുടങ്ങിയത് 01.06.22ന് മാത്രമാണ്. മുൻകൂർ നൽകി ഒരു വർഷം കഴിഞ്ഞിട്ടും മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല. പാലിയേറ്റീവ് കെയർ പോലെ അടിയന്തര സാഹചര്യമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിൽ ഇത്രയും കാലതാമസം വരുന്നത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34/12.01.2023 നുള്ള മറുപടിയിൽ KMSCLമായി നിരന്തരം ബന്ധപ്പെട്ട് വരുന്നുണ്ടെന്നാണറിയിച്ചത്. മരുന്നുകൾ മുഴവൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.സ.ഉ(സാധാ)നം.3217/2015./ത.സ്വ.ഭ.വ-തീയ്യതി.29.10.2015 -ലെ ഖണ്ഡിക 2.5.6 പ്രകാരം പാലിയേറ്റീവ് നോമിനൽ റജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഹാജരാക്കാൻ മേൽ എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. പാലിയേറ്റീവ് രോഗികളുടെ പേരുവിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-26 കോവിഡ് പ്രതിരോധ പ്രവർത്തനം മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ: ₹90128യുടെ മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി,പാട്യം |

| | |
|---|---|
| പ്രൊജക്ട് നം, പേര് | 105/22 കോവിഡ് പ്രതിരോധ പ്രവർത്തനം മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | ₹450000 വികസനഫണ്ട് |
| ചെലവ് | ₹449192 |
| ബിൽ നമ്പർ&തീയ്യതി | 21220452007701200310/25.02.22 ₹300000<br>21220452007700767935/09.12.21 ₹149192 |

കോവിഡ് പ്രതിരോധ പ്രവർത്തനം മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന മേൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങിക്കുന്നതിന് ബിൽ നം.21220452007701200310/25.02.22 പ്രകാരം ₹300000 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട് . ഇതിൽ 209872 രൂപയുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടുണ്ട് .വിശദവിവരം ചുവടെ

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ&തീയ്യതി | തുക₹ |
|---|---|---|
| 1 | 7776/04.08.22 | 29207 |
| 2 | 9294/25.08.22 | 28667 |
| 3 | 9298/25.08.22 | 2443 |
| 4 | 11198/17.09.22 | 6343 |
| 5 | 14137/18.10.22 | 6153 |
| 6 | 15011/27.10.22 | 52030 |
| 7 | 15517/01.11.22 | 54243 |
| 8 | 15566/02.11.22 | 13830 |
| 9 | 20669/20.12.22 | 12092 |
| 10 | 21335/27.12.22 | 2801 |
| 11 | 21466/28.12.22 | 2063 |
| | ആകെ | 209872 |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയ ₹300000ൽ ₹90128 യുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/13.01.2023ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭിക്കുന്നതിനായി കത്തിലൂടെയും ഫോൺ മുഖേനയും KMSCLഅധികാരികളെ ബന്ധപ്പെട്ട് വരുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട് . കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട അടിയന്തര സ്വഭാവമുള്ള മരുന്നുകളുടെ വിതരണത്തിൽ ദീർഘമായ കാലതാമസം വരുന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ മുഴുവൻ ലഭ്യമായാൽ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ- ₹67473യുടെ മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | 82/22 |
| പ്രൊജക്ടിന്റെ പേര് | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹300000 റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ് | ₹300000 |
| ബിൽ നമ്പർ&തീയ്യതി | 21220452007701346479/16.03.22 ₹11746<br>21220452007700801788/17.12.21 ₹288254 |

പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വാങ്ങിക്കുന്നതിന് ബിൽ നം.21220452007700801788/17.12.21 പ്രകാരം ₹288254 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട് . ഇതിൽ 220781 രൂപയുടെ മരുന്നുകൾ ഇതുവരെ ലഭ്യമായിട്ടുണ്ട്. വിശദവിവരം ചുവടെ

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ&തീയ്യതി | തുക₹ |
|---|---|---|
| 1 | 1117/25.04.22 | 48453 |
| 2 | 1125/25.04.22 | 85238 |

| | | |
|---|---|---|
| 3 | 1128/25.04.22 | 25428 |
| 4 | 14152/18.10.22 | 25349 |
| 5 | 18592/24.11.22 | 36313 |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയ ₹288254ൽ ₹67473 ന്റെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35/12.01.2023ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭിക്കുന്നതിനായി കത്തിലൂടെയും ഫോൺ മുഖേനയും KMSCL അധികാരികളെ ബന്ധപ്പെട്ടു വരുന്നുണ്ടെന്നും നിലവിൽ സ്റ്റോക്കില്ലാത്തതിനാലാണ് തരാത്തത് എന്നുള്ള മറുപടിയാണ് ലഭിച്ചതെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - അർഹമായ ആനുകൂല്യം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 97/22 പാലിന് സബ്സിഡി |
| അടങ്കൽ | ₹2,50,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹6,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹5,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ആകെ - ₹13,50,000 |
| ചെലവ് | ₹2,50,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>ബിൽ നം. 1/21-22, 16-10-2021<br>₹6,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ബിൽ നം. 2/21-22, 26-10-2021 -₹3,15,711<br>ബിൽ നം. 7/21-22, 07-03-2022 -₹2,31,566<br>ബിൽ നം. 8/21-22, 16-03-2022 -₹52,723<br>₹75,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>ബിൽ നം. 6/21-22, 05-03-2022<br>ആകെ ചെലവ് - ₹9,25,000 |

14-02-2018 ലെ സർക്കാർ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6-2 (8) പ്രകാരം 40,000 രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ (ക്ഷീര വികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പെടെ) സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലെ സബ്സിഡി മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ സബ്സിഡി അനുവദിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആയതിനുള്ള കാരണവും വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/09-01-2023) മറുപടി നല്കിയിട്ടില്ല. ഫണ്ടില്ലാത്തതിനാലാണ് അർഹമായ സബ്സിഡി അനുവദിക്കാതിരുന്നതെങ്കിൽ ഗുണഭോക്താക്കൾക്ക് അർഹമായ മുഴുവൻ സബ്സിഡിയും ലഭ്യമാക്കാൻ ആവശ്യമായ തുക പ്രോജക്ടിൽ ഉൾപ്പെടുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 34/22, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹3,75,000 (വികസന ഫണ്ട്)<br>₹3,75,000 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>₹7,50,000 (മറ്റുള്ളവ)<br>ആകെ: ₹1500000 |

| | |
|---|---|
| ചെലവ് | ₹3,75,000 |
| ബിൽ നമ്പർ,തീയതി | 21220452007800622486/09.11.2021 |

ഗ്രാമ പഞ്ചായത്തിലെ കന്നുകുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതിയാണിത്. 4-6 മാസം പ്രായമുള്ള കിടാരികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. കന്നുകുട്ടിക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ ലഭ്യമാക്കുകയും പദ്ധതിക്കാലയളവ് തീരുന്നതുവരെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുകയും ചെയ്യുന്നു. ആകെ 60 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്.പാട്യം ക്ഷീര സഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങളും ആവശ്യമായ രേഖകളുടെ വിവരങ്ങളും ചുവടെ കൊടുക്കുന്നു.(ഓഡിറ്റ് എൻക്വയറി നമ്പർ 30/12.01.2023)

1. ₹3,75,000 പിൻവലിച്ച് എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത് ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുന്നതാണെന്ന് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2. 12/2021മുതൽ തന്നെ കന്നുകുട്ടികൾക്ക് തീറ്റ വിതരണം തുടങ്ങിയതായി കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധനയിൽ കാണുകയുണ്ടായി. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതാണെന്ന് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

3.പരിശോധനക്ക് ലഭ്യമാക്കിയ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം ചില ഗുണഭോക്താക്കൾ കാലിത്തീറ്റ കൈപ്പറ്റുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | വിതരണരജിസ്റ്ററിലെ ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റ വാങ്ങിയിട്ടില്ലാത്ത മാസങ്ങൾ |
|---|---|---|---|
| 1 | 3 | രാധ കെ | 4/22 |
| 2 | 4 | റോജ ഒ.കെ | 2/22,3/22,4/22 |
| 3 | 8 | അംഗജൻ എ | ഇതുവരെ വാങ്ങിയിട്ടില്ല |
| 4 | 11 | കരുണൻ | 4/22 |
| 5 | 18 | നബീസു കെ | 8/22 |
| 6 | 20 | ലീല പി | 4/22,5/22,6/22 |
| 7 | 22 | സുജിന | ഇതുവരെ വാങ്ങിയിട്ടില്ല |
| 8 | 24 | യൂസഫ് സി.ജി | 4/22,6/22,8/22 |
| 9 | 25 | രാജീവൻ കെ പി | 4/22,6/22,11/22 |
| 10 | 31 | നാണു കെ | 4/22 |
| 11 | 32 | സൗമിനി എൻ | 4/22 |
| 12 | 38 | മാധവി പി | 7/22,8/22 |
| 13 | 56 | പ്രേമ | 3/22,4/22 |
| 14 | 57 | ഗംഗാധരൻ | 4/22 |
| 15 | 60 | അഭിലാഷ് ഒ വി | ഇതുവരെ വാങ്ങിയിട്ടില്ല |

കാലിത്തീറ്റ വാങ്ങിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്കായി കൈമാറിയ തുകയുടെ വിനിയോഗ വിവരം നിരീക്ഷിക്കേണ്ടതും തിരികെ ഈടാക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരിച്ച ശേഷം ബാക്കി തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടക്കുകയാണ് സാധാരണയായി ചെയ്യുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ തുടർച്ചയായ നിരീക്ഷണത്തിന് വിധേയമാക്കേണ്ടതാണ്.

## 1-30 കാർഷിക പദ്ധതികൾ-ഉത്പാദനക്ഷമത ഉറപ്പുവരുത്തുന്ന മോണിട്ടറിങ് സംവിധാനമില്ല

പാട്യം ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിൽ കാർഷിക മേഖലയിൽ ആകെ 12 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ആവശ്യത്തിന് ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ

ജയപരാജയങ്ങൾ വിലയിരുത്താൻ കൃത്യമായ മോണിട്ടറിംഗ് അത്യാവശ്യമാണ്. ഉത്പാദനമേഖലയിലെ സ്ഥായിയായ വളർച്ച ഉറപ്പുവരുത്തുന്നതിൽ ഈ പദ്ധതികൾ എത്രമാത്രം പ്രയോജനപ്പെടുന്നു എന്ന് ദീർഘകാലാടിസ്ഥാനത്തിൽ നിരീക്ഷണം ചെയ്യപ്പെടേണ്ടതുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ ) നം ത സ്വ ഭ വ 11/2018 തീയതി 29.1.2018 ഖ- 13 ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചുള്ള മോണിട്ടറിംഗ് ഉറപ്പുവരുത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. എല്ലാ പ്രോജക്ടുകളോടൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായ വിലയിരുത്തലില്ലാതെ കേവലം പ്രോജക്ട് പൂർത്തീകരിച്ചു എന്ന് മാത്രം പ്രസ്താവിക്കുന്ന റിപ്പോർട്ടുകളാണവ. മാത്രമല്ല നടപ്പാക്കിയ പ്രോജക്ടുകളുടെ യഥാർത്ഥ വിവരങ്ങൾക്ക് വിരുദ്ധമായ പ്രസ്താവനകളോടു കൂടിയ റിപ്പോർട്ടുകളും കാണപ്പെട്ടു എന്നത് ആശാസ്യമല്ല. ഉദാഹരണത്തിന് കവുങ്ങ് കൃഷി വ്യാപനം എന്ന പ്രോജക്ട് പ്രകാരം അഗ്രോ സർവീസ് സെന്റർ പിണറായിയിൽ നിന്നും 6000കവുങ്ങിൻ തൈകൾ വാങ്ങിയിട്ടുണ്ട്. ഒരാൾക്ക് 12 തൈകൾ വീതം 500 പേർക്ക് തൈകൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള പ്രോജക്ട് പൂർത്തീകരണ പത്രം,മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ പ്രകാരം 350 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു എന്നാണ് കാണുന്നത്. ഈ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40/13.01.2023ന് ശ്രദ്ധക്കുറവ് മൂലമുള്ള അപാകമാണെന്നാണ് മറുപടി നൽകിയത്. മോണിട്ടറിംഗ് സംവിധാനം ഫലപ്രദവും കൃത്യവുമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രൊജക്ട് നമ്പർ /പേര് | 151/22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് |
| അടങ്കൽ | ₹82380 വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | ₹82380 ബിൽ നമ്പർ /തീയതി : 21220452007300285909/10.08.2021 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് എന്ന മേൽ പ്രോജക്ട് പ്രകാരം 3 ലാപ് ടോപുകൾ വാങ്ങുന്നതിനായി കേരള ഐ.ടി മിഷന് ₹82380 കൈമാറിയിട്ടുണ്ട്. കെൽട്രോൺ സമർപ്പിച്ച പ്രോഫോർമ ഇൻവോയ്സ് നമ്പർ TVM/ITGB /PI/RC/28127/20-21 തീയ്യതി 19-07-21 പ്രകാരമുള്ള 3 ലാപ് ടോപ് കംപ്യൂട്ടറിന്റെ വിലയായ ₹82380 /- ആണ് കെൽട്രോണിന് കൈമാറിയത്. കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ്(ITP /07466/21-22) പ്രകാരം ചെലവ് ₹81687 ആണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/11-01-2023 ന് മറുപടിയായി അധികം നൽകിയ തുക തിരികെ ലഭിക്കാൻ CPRCS പോർട്ടൽ വഴി അപേക്ഷിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. അധികം നൽകിയ ₹693 തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 അങ്കണവാടികളുടെ അവലോകനം

02.06.2017 ലെ സർക്കാർ ഉത്തരവ് നം.1830/2017/തസ്വഭവ പ്രകാരം അംഗീകരിച്ച അഡ്മിനിസ്ട്രേഷൻ മാന്വലിലെ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2., 3.4.3. എന്നിവയിൽ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിലെ അങ്കണവാടികളിൽ ഇല്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ 34 അങ്കണവാടികളാണുള്ളത്. അങ്കണവാടികളുടെ നിലവിലെ ഭൗതിക സാഹചര്യത്തിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം23/11.01.2023) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം. | വിവരങ്ങൾ | അങ്കണവാടികളുടെ എണ്ണം | അങ്കണവാടി സെന്റർ നമ്പർ |
|---|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 6 | 94,95,68,89,90,82 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 3 | 94,82,68 |
| 3 | സ്വന്തമായി സ്ഥലം | 2 | 82,89 |

| | | | |
|---|---|---|---|
| | ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | | |
| 4 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 32 | 62,63,64,65,66,67,68,69,70,71,72,73, 74,75,76,,77,78,79,80,81,82,83,84, 85,86,87,88,90,91,92,93,94 |
| 5 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 6 | 94,95,68,89,90,82 |
| 6 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 34 | ഒരെണ്ണത്തിനും ശിശു സൗഹൃദ ശുചിമുറി ഇല്ല |
| 7 | സൂപ്പർവൈസറുടെ ഫോൺനമ്പറോട്ടുകൂടിയ നെയിം ബോർഡില്ലാത്തവ | 34 | ഒരെണ്ണത്തിനും സൂപ്പർവൈസറുടെ ഫോൺനമ്പറോട്ടുകൂടിയ നെയിം ബോർഡില്ല |
| 8 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 34 | ഒരെണ്ണത്തിനും ബേബി ചെയറും മേശയും ഇല്ല |
| 9 | വാട്ടർ പ്യൂരിഫയർ ഇല്ലാത്തവ | 24 | 62,63,64,65,66,67,68,69,70,71,72, 77,79,80,84,85,86,88,89,90,95,94,91,92 |
| 10 | കുടിവെള്ളം ലഭ്യമല്ലാത്ത അങ്കണവാടികളുടെ എണ്ണം | 3 | 65, 70, 92 |
| 11 | പരാതിപ്പെട്ടി ഇല്ലാത്തവ | 34 | ഒരെണ്ണത്തിനും പരാതി പെട്ടിഇല്ല |

മുഴവൻ അങ്കണവാടികളിലും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തേണ്ടതും സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരം അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-33 വനിതാ ശിശു വിഹാര സരോവനം - ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 126/22 വനിതാ ശിശു വിഹാര സരോവനം |
| അടങ്കൽ | വികസന ഫണ്ട് : ₹2,55,687<br>തനത് ഫണ്ട് : ₹6,70,000 |

| | |
|---|---|
| | ആകെ : ₹9,25,687 |
| ചെലവ് | വികസന ഫണ്ട് : ₹2,55,687<br>തനത് ഫണ്ട് :₹6,33,076<br>ആകെ : ₹8,88,763 |

മേൽ പ്രോജക്ടിനായി 2021-22 വർഷം ₹8,88,763 ചെലവഴിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിലെ ചെലവ് ഉൾപ്പെടെ മൊത്തം ₹3533076 ചെലവഴിച്ചിട്ടുണ്ട്. ജോലിയുള്ള മാതാപിതാക്കളുടെ മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ച പ്രസ്തുത കെട്ടിടം 9-9-2020 ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടെങ്കിലും നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. മേൽ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി നടത്തിയിട്ടുണ്ടോ എന്നും മേൽ പ്രോജക്ടിന്റെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/12-01-2023) ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി 2022-23 വർഷം 1,50,000 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നെങ്കിലും പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം 3,00,000 രൂപയുടെ എസ്റ്റിമേറ്റാണ് നല്കിയത് എന്നും ആയതിനാൽ അടങ്കൽ തുകയിൽ മാറ്റം വരുത്തി പ്രോജക്ട് ഭേദഗതി ചെയ്ത് പദ്ധതി നിർവഹണവുമായി മുന്നോട്ട് പോകുമെന്നമാണ് മറുപടി നല്കിയിട്ടുള്ളത്. വൈദ്യുതീകരണ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് പ്രസ്തുത പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകൾ- പൊതു അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പൊതുമരാമത്ത് പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ കൊടുക്കുന്നു.

എ) ടി.ആർ-7 എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ടി.ആർ-7 എ ഫോമിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കണമെന്ന് 12-04-2006 ലെ ജി.ഒ(പി) നം-177/2006/ഫിൻ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ടി.ആർ-7 എ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

ബി) മോണിറ്ററിംഗ് റിപ്പോർട്ടില്ല

നിർവഹണം നടത്തിയ പൊതുമരാമത്ത് പ്രോജക്ട് ഫയലുകളിലൊന്നിലും തന്നെ പ്രോജക്ടുകൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖയിലെ (സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018) ഖണ്ഡിക13ൽ മോണിട്ടറിംഗ് നടത്തേണ്ടതിനെ കുറിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രവും പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകൾ സമഗ്രമായി മോണിറ്ററിംഗ് ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

സി) കരാറിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല

കരാറുകാരുമായി ഒപ്പുവെക്കുന്ന കരാറിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തികൾ സമയ പരിധിക്കകം പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും, പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയാലുള്ള പിഴ ഈടാക്കാനും സാധിക്കാതെ വരും. ആയതിനാൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ തീയതി രേഖപ്പെടുത്തേണ്ടതാണ്.

ഡി) എസ്റ്റിമേറ്റ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

പൊതുമരാമത്ത് പ്രോജക്ട് ഫയലുകളിലൊന്നിലുംഎസ്റ്റിമേറ്റ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ഇത് കാരണം പ്രവൃത്തിയുടെ വിശദമായ അവസ്ഥ മനസ്സിലാക്കാൻ സാധിക്കുന്നില്ല. നടത്താനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിവരങ്ങൾ, പ്രവൃത്തിയുടെ ആവശ്യകതയും ഫീസിബിലിറ്റിയും, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രോജക്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 06-01-2023 | കെ.എസ്.എ/കെ.എൻ.ആർ/സി8/40/2023 തീ. 23-03-2023 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 0 | 25500 | 25500 | 90/22 സമഗ്ര പച്ചക്കറികൃഷി വികസനം(വനിതാഗ്രൂപ്പ്) | 25500 | ഇല്ല |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 0 | 104380 | 104380 | 26/22 പാലിയേറ്റീവ് കെയർ | 98700 | 5680 തിരിച്ചടച്ചു |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 0 | 357000 | 357000 | 47/22 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (എസ്.ടി) | 357000 | ഇല്ല |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 1090223 | 0 | 1090223 | 106/22 ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ജനറൽ(സ്പിൽ ഓവർ) | 140000 | 950223 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 0 | 1470000 | 1470000 | 150/22ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി ജനറൽ(സ്പിൽ ഓവർ) | 1470000 | ഇല്ല |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 0 | 350000 | 350000 | 40/22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 350000 | ഇല്ല |
| 7 | ബ്ലോക്ക് | 0 | 600000 | 600000 | 97/22 പാലിന് സബ് സിഡി | 600000 | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | | | | |
| | ആകെ | 1090223 | 2906880 | 3997103 | | 3041200+ (5680 തിരിച്ചടവ്) | 955903 |
| | | | | | | | |
| 8 | ജില്ലാ പഞ്ചായത്ത് | 0 | 75000 | 75000 | 97/22 പാലിന് സബ്സിഡി | 75000 | ഇല്ല |
| 9 | ജില്ലാ പഞ്ചായത്ത് | 0 | 133756 | 133756 | 93/22 വീട്ടുവളപ്പിൽ മത്സ്യകൃഷി പട്ടതാക്കളം | 109367 | 24389 (തിരിച്ചടച്ചു) |
| 10 | ജില്ലാ പഞ്ചായത്ത് | 0 | 8608 | 8608 | 157/22 വീട്ടുവളപ്പിൽ ബയോഫ്ലോക്ക് ഗിഫ്റ്റ് തിലാപ്പിയ (സ്പിൽഓവർ) | 8608 | ഇല്ല |
| 11 | ജില്ലാ പഞ്ചായത്ത് | 0 | 117044 | 117044 | 95/22ബയോഫ്ലോക്ക് മത്സ്യകൃഷി | 117044 | 0 |
| 12 | ജില്ലാ പഞ്ചായത്ത് | 0 | 6168 | 6168 | വീട്ടുവളപ്പിൽ മത്സ്യകൃഷി പട്ടതാക്കളം(സ്പിൽഓവർ) - 156/22 | 6168 | 0 |
| 13 | ജില്ലാ പഞ്ചായത്ത് | 159015 | 350000 | 509015 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - 40/22 | 350000 | 159015 |
| | ആകെ | 159015 | 690576 | 849591 | | 666187+ 24389 (തിരിച്ചടവ്) | 159015 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് | 22100655/29.12.21 | 101952 | 0 | 740108 |

| | | | | | |
|---|---|---|---|---|---|
| | മെയിൻ വലിക്കൽ (പ്രോജകട് നം-13/22 | | | | |
| | | 22100654/29.12.21 | 94294 | | |
| | | 22100651/29.12.21 | 543862 | | |
| | | ആകെ | 740108 | | |
| ഭൂജല വകുപ്പ് | മഞ്ഞാംപുറം ലക്ഷം വീട് കുടിവെള്ള പദ്ധതിക്ക് കുഴൽകിണറിന് തുക ഡെപോസിറ്റ് ചെയ്യൽ (പ്രോജക്ട് നമ്പർ 172/22) | 22101011/24-03-2022 | 74000 | 0 | 74000 |
| | ആകെ | | 814108 | | 814108 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | ജി.ഒ(എം.എസ്). 111/2018 /ത.സ്വ.ഭ.വ, 13-08-2018 | 2414044 | 1827378 | 689333 | 0 | 1138045 |

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപമിനത്തിൽ തുകയൊന്നും നീക്കിയിരിപ്പായി ഇല്ല. ഷെയർ ഇനത്തിലുള്ള ₹20000 യുടെ വിവരം താഴെകൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20,000 |
| തൻവർഷം നിക്ഷേപിച്ചത് | 0 |

| | |
|---|---|
| ആകെ | 20,000 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 20,000 |

| ക്രമ നമ്പർ | ഷെയർ സർട്ടിഫിക്കറ്റിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്പ്മെന്റ് സൊസൈറ്റി, സർട്ടിഫിക്കറ്റ് നമ്പർ 4444/15-5-2015 | 20,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 8 | 2003-04 | 3-13-17 | മറ്റു പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2007-08 | 3-14 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തിയാക്കുന്നതിൽ കാലതാമസം | പരാമർശം നിലനിൽക്കുന്നു |
| 2013-14<br>2014-15 | 2-1 | 2016-17 | 1 | വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 2013-14, 2014-15 സാമ്പത്തിക വർഷം വസ്തു നികുതി അസസ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 78916173 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83538050 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 740000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 270000 | ശ്രീ. കെ. സത്യൻ, സെക്രട്ടറി |
| 1-22 | 200000 | ശ്രീമതി. റഫ്സീന, വി.ഇ.ഒ, ചെറുവാഞ്ചേരി സർക്കിൾ |
| 1-23 | 140000 | ശ്രീമതി. റഫ്സീന, വി.ഇ.ഒ, ചെറുവാഞ്ചേരി സർക്കിൾ |
| 1-24 | 130000 | ശ്രീമതി. എൻ. മീര, ഹെഡ് മിസ്ട്രസ് |
| ആകെ | 740000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കെ. സത്യൻ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി. | സെക്രട്ടറി, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് | തിരുവാതിര , മാവിലായി പി ഒ |
| ശ്രീമതി. റഫ്സീന, വി.ഇ.ഒ, ചെറുവാഞ്ചേരി സർക്കിൾ | അവധിയിൽ | അറഫ മൻസിൽ വേങ്ങാട് പി ഒ |
| ശ്രീമതി. എൻ. മീര, ഹെഡ് മിസ്ട്രസ് | വിരമിച്ചു | ശരണ്യ, തെരൂർ, എടയന്നൂർ പി ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| വർഷം | വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ /സി18/1327/2022 തീയതി 22.09.2022 | 1 |
| 2010-11 2011-12, | കെ.എസ്.എ/കെ.എൻ.ആർ /സി18/1327/2022 തീയതി 22.09.2022 | 1 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ /സി18/1327/2022 തീയതി 22.09.2022 | 1 |
| 2013-14, 2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി18/1327/2022 തീയതി 22.09.2022 | 1 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ /സി18/1327/2022 തീയതി 22.09.2022 | 2 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ /സി18/1327/2022 തീയതി 22.09.2022 | 2 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ /സി18/1327/2022 തീയതി 22.09.2022 | 1 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ /സി18/1327/2022 തീയതി 22.09.2022 | 3 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ / സി.8/1195/2022 തീയതിഃ 03-11-2022 | 12 |
| 2020-21 | കെ.എസ്.എ/കെ.എൻ.ആർ / സി.8/1713/2022 തീയതിഃ 03-11-2022 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Pattiam Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 30758864.00 |
| Cash | Cash | RP-40(a) | 50064.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1193280.00 |
| 130000000 | Rental income from Panchayat Properties | RP-3 | 500.00 |
| 140000000 | Fees & User Charges | RP-4 | 663572.00 |
| 150000000 | Sale & Hire Charges | RP-5 | 68257.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50704193.00 |
| 171000000 | Interest Earned | RP-9 | 595329.00 |
| 190000000 | Prior Period Income | RP-11 | 1330.00 |
| 210000000 | Establishment Expenses | RP-12 | 212.00 |
| 220000000 | Administrative Expenses | RP-13 | 200.00 |
| 311000000 | Earmarked Funds | RP-28 | 11251.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 15323448.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9614392.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-49 | 15000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1400.00 |
| 340000000 | Deposits Received | RP-33 | 93651.00 |
| 350000000 | Other Liabilities | RP-35 | 630158.00 |
| | Grand total | | 109725101.00 |
| | PAYMENTS | | |
| | Operating | | |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 5000.00 |
| 230000000 | Operations & Maintenance | RP-14 | 243300.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 8929938.00 |
| 251000000 | Decentralised Plan Programme-Service Sector | RP-17 | 15496569.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-18 | 6884168.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 30069.00 |
| 412000000 | Capital Work In Progress | RP-39 | 1616974.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 508576.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 650969.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 25703.00 |
| 460000000 | Loans, Advances and Deposits | RP-49 | 1299269.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 340000000 | Deposits Received | RP-33 | 8094.00 |
| 350000000 | Other Liabilities | RP-35 | 47839421.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 26187051.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 109725101.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | Pattiam Grama Panchyat Income & Expenditure Statement For the period from 01-04-2021 to31-03-2022 | | |
|---|---|---|---|
| Code No | Description of items | Schedule No. | Current Year Amount (Rs.) |
| 110000000 | Tax Revenue | I-1 | 5,293,651.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 133,752.00 |
| 140000000 | Fees & User Charges | I-4 | 1,039,072.00 |
| 150000000 | Sales & Hire Charges | I-5 | 68,257.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 179,861,337.00 |
| 170000000 | Income from Investments | I-7 | 0.00 |
| 171000000 | Interest Earned | I-8 | 595,329.00 |
| 180000000 | Other Income | I-9 | 744,198.00 |
| A | Total - INCOME | | 187,735,596.00 |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10 | 11,448,994.00 |
| 220000000 | Administrative Expenses | I-11 | 694,012.00 |
| 230000000 | Operations & Maintenance | I-12 | 1,598,084.00 |
| 240000000 | Interest & Finance Charges | I-13 | 1,955.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 6,267,218.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 28,826,877.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 9,307,344.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 39,161,000.00 |
| 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 74,635,200.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1,048,077.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 1,000,000.00 |
| 270000000 | Provisions & Write off | I-16 | 16,666.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Invenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 8,157,894.00 |
| 190000000 | Prior Period Income | I-19 | 376,563.00 |
| B | B - Total : EXPENDITURE | | 182,163,321.00 |

| | | | |
|---|---|---|---|
| C = A-B | Gross Surplus / (deficit) of income over expenditure before Prior Period Items. | | 5,572,275.00 |
| D=190000000 | Prior Period Income | I-19 | 1,977,948.00 |
| E = C-D | Gross Surplus / (deficit) of income over expenditure after Prior Period Items. | | 3,594,327.00 |
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus / deficit carried over to Balance sheet (Panchayat Fund) | | |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Pattiam Grama Panchayat BALANCE SHEET<br>Balance sheet as on 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| 310000000 | Panchayat / Municipal Fund | B-1 | 34014192.49 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 41358.00 |
| 312000000 | Reserves | B-3 | 65883786.00 |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18850371.00 |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 1138045.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| 340000000 | Deposits Received | B-7 | 377783.00 |
| 341000000 | Deposits Works | B-8 | 1000.00 |
| 350000000 | Other Liabilities | B-9 | 1535999.11 |
| 360000000 | Provisions | B-10 | 0.0 |
| | TOTAL LIABILITIES | | 121842534 .00 |
| | ASSETS | | |
| 410000000 | Fixed Assets | B-11 | 1121272.00 |
| 412000000 | Capital Work in Progress | B-11(b) | 816424.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 7179559.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 111054949.00 |
| 416000000 | Accumulated Depreciation | B-11(a) | -52451963.00 |
| 420000000 | Investments-General Fund | B-12 | 20000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| 430000000 | Stock-in-hand | B-14 | 109928.00 |
| 431000000 | Sundry Debtors (Receivables) | B-15 | 14628775.60 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 26187051.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 1734886.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| 470000000 | Other Assets | B-19 | 0.0 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | TOTAL ASSETS | | 121842534 .00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.